# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2813

10/12/2014-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്

**ചോദ്യം**

ശ്രീ. മോൻസ് ജോസഫ്

**മറുപടി**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി)

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഭൂനികുതി പിരിച്ചടയ്ക്കുന്നത് സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ഭൂനികുതി പിരിച്ചടയ്ക്കുന്നത് റവന്യൂ വകുപ്പാണ്. ഭൂവുടമകളിൽ നിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി, ഭൂവുടമാ വിഹിത കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ഭൂവുടമാ പിരിവ് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും 06/09/1993-ൽ പുറപ്പെടുവിച്ച 53734/ഇ3/93/റവന്യൂ നമ്പർ സർക്കുലർ ഭേദഗതി ചെയ്യുന്ന വിഷയം സജീവ പരിഗണനയിലാണെന്ന് റവന്യൂ വകുപ്പ് തൊഴിൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയുള്ളത് ഏതു കാലയളവു വരെ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര അപേക്ഷകൾ ഇനി ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നു എന്നറി-

(ബി) 31/12/2009 വരെയുള്ള ആനുകൂല്യങ്ങളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളിലായി 267847 അപേക്ഷകൾ ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നുണ്ട്. ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദി-

യിക്കാമോ; ഇവ എന്നേക്ക് പരിഹരിക്കും എന്നറിയിക്കാമോ;

ക്കണമെന്ന് ബോർഡ് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തത കാരണം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടിരുന്ന ധന സഹായം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെങ്കിലും വരുമാന സ്രോതസ്സ് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഭ്രവുടമാ വിഹിതവും, അംശദായ വിഹിതവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ